(എഫ്) പ്രസ്തുത കരാറനുസരിച്ച് കോഴിക്കോട് നഗരത്തിൽ എവിടെയെല്ലാമാണ് ഈ സ്വകാര്യ ഏജൻസി പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് ;

(ജി) കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആ കരാറിൽ ആരൊക്കെയാണ് കക്ഷികളായി ഒപ്പുവെച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1996-ലാണ് പരസ്യ ബോർഡുകൾ സ്ഥാപിച്ചത്.

(ബി) 23-11-95-ലെ ജി.ഒ. (എം.എസ്.) 256/95/എൽ.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം ബി.ഒ.ടി. അടിസ്ഥാനത്തിലാണ് പരസ്യ ബോർഡ് സ്ഥാപിക്കാൻ ബോംബെയിലുള്ള സി.എം.എസ്. ട്രാഫിക് സിസ്റ്റം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയത്.

(സി) കമ്പനിയുടെ ഉത്തരവാദിത്വത്തിൽ ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തണം എന്നതാണ് കരാർ വ്യവസ്ഥ.

(ഡി) 1996 മുതൽ 15 വർഷത്തേക്കാണ് കാലാവധി.

(ഇ) വരുമാനം ഒന്നും ലഭിച്ചിട്ടില്ല.

(എഫ്) 20 സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ജി) കോഴിക്കോട് കോർപ്പറേഷനു വേണ്ടി സെക്രട്ടറിയും കോഴിക്കോട് ജില്ലാ കളക്ടറും ഒന്നാം കക്ഷിയായും സി.എം.സ്. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ രണ്ടാം കക്ഷിയായും എഗ്രിമെന്റിൽ ഒപ്പ് വെച്ചിട്ടുണ്ട്.

തിരവനന്തപുരത്ത് പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത

127. [894] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് വർദ്ധിച്ചു വരുന്ന വാഹനപ്പെരുപ്പവും പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശോധിച്ചിട്ടുണ്ടോ ;

(ബി) തലസ്ഥാനത്ത് നിലവിലുള്ള പാർക്കിംഗ് സൗകര്യങ്ങളെ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരത്തെ ഗതാഗതക്കുരുക്കിന് പാർക്കിംഗ് സൗകര്യങ്ങളുടെ കുറവ് പ്രധാനപ്പെട്ട ഒരു കാരണമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്താൻ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ;

(ഇ) വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കാൻ സ്വകാര്യമേഖലയെക്കൂടി പങ്കാളികളാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ ;

(എഫ്) തലസ്ഥാനജില്ലയിലെ വാഹനങ്ങളുടെ എണ്ണവും അന്യജില്ലകളിലും അന്യസംസ്ഥാനങ്ങളിലും നിന്നു വരുന്ന വാഹനങ്ങളുടെ ആധിക്യവും കണക്കിലെടുത്ത് ദീർഘവീക്ഷണത്തോടെ പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 1999 അനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും ആവശ്യമായ പാർക്കിംഗ് അതത് കെട്ടിടങ്ങളിൽ/കോംമ്പൗണ്ടിൽ തന്നെ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തലസ്ഥാന നഗരിയിൽ കിഴക്കേകോട്ട ഗാന്ധിപാർക്കുമൈതാനിയിൽ ആവശ്യമായ പാർക്കിംഗ് സ്ഥലം നിലവിലുണ്ട്. കൂടാതെ മ്യൂസിയം കോംമ്പൗണ്ടിലും അത്യാവശ്യ അവസരങ്ങളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താറുണ്ട്. മറ്റു സ്ഥലങ്ങളിൽ റോഡുവക്കിൽ തന്നെ വാഹനങ്ങൾ പാർക്കു ചെയ്യുകയാണ് പതിവ്.

(സി) ഉണ്ട്.

(ഡി) തലസ്ഥാന വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാരംഭ പഠനം നടത്തി വരുന്നു.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ സ്വകാര്യമേഖലക്ക് പാർക്കിംഗ് സ്ഥലങ്ങൾ വികസിപ്പിക്കുവാനുതകുന്ന പ്രത്യേക നിർദ്ദേശങ്ങൾ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഇപ്പോൾ കിഴക്കേകോട്ട ക്ഷേത്ര പരിസരങ്ങളിൽ അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന വാഹനങ്ങൾ പാർക്കുചെയ്യാൻ ചെറിയ തോതിൽ സൗകര്യമുണ്ട്. ആസൂത്രിതമായ വാഹന പാർക്കിംഗ് സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തലസ്ഥാന വികസനപദ്ധതിയുമായി ബന്ധപ്പെട്ട് പ്രാരംഭ പഠനം നടത്തിവരുന്നു.

ഫോട്ടോസ്റ്റാറ്റ് മെഷീനുകൾക്കായി അനുവദിച്ച തുക

128. [895] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97-ൽ പഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ വാങ്ങുന്നതിനുവേണ്ടി നൽകിയ 1 ലക്ഷം രൂപ ഗവൺമെന്റ് തിരിച്ചെടുത്തിട്ടുണ്ടോ;

(ബി) ഈ തുക പഞ്ചായത്തുകൾക്ക് തിരിച്ചുകൊടുത്തിട്ടുണ്ടോ ;

(സി) കേരളത്തിന്റെ എത്ര പഞ്ചായത്തുകൾ ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ ഇതിനകം വാങ്ങിയിട്ടുണ്ട് ;

(ഡി) മെഷീനുകൾ വാങ്ങുന്ന പഞ്ചായത്തിന് ഗവൺമെന്റ് തിരിച്ചുപിടിച്ച തുക അവർക്ക് തിരികെ നൽകുവാൻ ഉത്തരവു പുറപ്പെടുവിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പിയർ വാങ്ങുന്നതിനു വേണ്ടി ശേഖരിച്ച തുക പഞ്ചായത്ത് ഡയറക്ടറുടെ റ്റി.പി. അക്കൗണ്ടിൽ തിരുവനന്തപുരത്തെ വെള്ളയമ്പലം സബ് ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നു. 20-3-2003-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം റ്റി.പി. അക്കൗണ്ടുകൾ മരവിപ്പിക്കപ്പെട്ടതിനെ തുടർന്ന് ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് ശേഖരിച്ച തുക മാറ്റി നിക്ഷേപിക്കുന്നതിന് വേണ്ടി വെള്ളയമ്പലം ട്രഷറിയിൽ ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഇതിലേക്ക് മരവിപ്പിക്കപ്പെട്ട റ്റി.പി. അക്കൗണ്ടിലെ തുക മാറ്റി നിക്ഷേപിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്തുകൾക്ക് തുക തിരികെ നൽകാൻ കഴിയും. ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് പഞ്ചായത്തുകൾ നിക്ഷേപിച്ചിട്ടുള്ള തുക പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിന് 25-10-2004-ൽ സ.ഉ.(കൈ) 300/2004 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly